# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2409

19/03/2015-ൽ മറുപടിക്ക്

## മഴക്കാല പകർച്ച വ്യാധികൾ തടയാൻ പദ്ധതി

ചോദ്യം

ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.കെ.രാജു
ശ്രീ. ചിറ്റയം ഗോപകുമാർ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

എ) മഴക്കാലത്ത് പകർച്ച വ്യാധികൾ പടരുന്നത് തടയാൻ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

എ) പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി ചുവടെ ചേർക്കുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

- പകർച്ചവ്യാധി പ്രതിരോധ കർമ്മപദ്ധതി രൂപീകരിച്ച്, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ, വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കുന്നു.
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം (ഡ്രൈ ഡേ ആചരണം), കുടിവെള്ള ശുദ്ധീകരണം തുടങ്ങിയവ ഉൾപ്പെടുന്ന കർമ്മ പരിപാടികൾ നടത്തുന്നു.
- ഐ.ഡി.എസ്.പി.,എൻ.വി.ബി.ഡി.സി.പി. എന്നീ ദേശീയ പ്രോഗ്രാമുകളുടെ ഭാഗമായി, പകർച്ചവ്യാധി നിരീക്ഷണം, കൊതുക നിരീക്ഷണം, രോഗം പൊട്ടിപ്പുറപ്പെടുന്നിടത്ത് നിയന്ത്രണം

തുടങ്ങിയവ നടത്തുന്നു.

- രോഗം മുൻകൂട്ടി കണ്ടു പിടിച്ച് ശരിയായ ചികിൽസ നൽകുന്നു.
- ജന പങ്കാളിത്തം വർദ്ധിപ്പിക്കാൻ ബോധവൽക്കരണം.
- പ്രവർത്തനങ്ങൾ വിലയിരുത്തലും മേൽ നോട്ടവും.

ബി) സംസ്ഥാനത്ത് പനി ഉൾപ്പെടെയുള്ള രോഗങ്ങൾ പടർന്നു പിടിച്ചപ്പോൾ എടുത്ത നടപടികൾ പരാജയമായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ബി) സംസ്ഥാനത്ത് 2014-ൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ പരാജയമായിരുന്നില്ല. മറിച്ച് വിജയമായിരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പനി, 2013 -നെ അപേക്ഷിച്ച് 10% കുറഞ്ഞിട്ടുണ്ട്. ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ 68% കുറവുണ്ടായി. കോളറ, മഞ്ഞപ്പിത്തം എ, ടൈഫോയ്ഡ് എന്നിവയിൽ യഥാക്രമം 60%, 50%, 34% കുറവാണ് 2014-ൽ ഉണ്ടായിട്ടുള്ളത്. ഡെങ്കിപ്പനി മൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

സി) സംസ്ഥാനത്തു നിന്നും ഉന്മൂലനം ചെയ്തിരുന്ന ചില രോഗങ്ങൾ തിരിച്ചു വന്നുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

സി) ലോകത്ത് നിന്ന് തന്നെ ഉന്മൂലം ചെയ്യപ്പെട്ട രോഗമായ സ്മാൾപോക്സ് അഥവാ വസൂരി സംസ്ഥാനത്ത് തിരിച്ചു വന്നിട്ടില്ല. ഉടൻ ഉന്മൂലനം ചെയ്യാൻ സാധ്യതയുള്ള പോളിയോ രോഗവും നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴില്ല. മലമ്പനി, 1965-ൽ സംസ്ഥാനത്ത് നിയന്ത്രണ വിധേയമാക്കി എങ്കിലും മൂന്നു നാലു വർഷങ്ങൾക്കു ശേഷം ഇത് വീണ്ടും തിരിച്ചെത്തി. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും മലമ്പനി കൂടുതലായി ഉണ്ടായിരുന്നതും, അങ്ങനെയുള്ള സ്ഥലങ്ങളിൽ

നിന്നും തൊഴിലാളികളും മറ്റും കേരളത്തിലേക്കും, ഇവിടെനിന്നും ജനം പല ആവശ്യങ്ങൾക്ക് തിരിച്ച് അങ്ങോട്ടും ധാരാളമായി സഞ്ചരിക്കുന്നതുകൊണ്ടും ആണ് മലമ്പനി വീണ്ടും കേരളത്തിൽ ഉണ്ടായത്. എന്നാൽ, സംസ്ഥാനത്ത് ഇപ്പോൾ കണ്ടു വരുന്ന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻഗുനിയാ, മഞ്ഞപ്പിത്തം എ, മലമ്പനി, ചെള്ളുപനി (സ്ക്രബ് ടൈഫസ്), കോളറ തുടങ്ങിയവ ഒന്നും കേരളത്തിൽ നിന്നും ഒരിക്കലും ഉൻമൂലനം ചെയ്യപ്പെട്ടിട്ടുള്ളവയല്ല.

സെക്ഷൻ ഓഫീസർ